ഖുത്വ്ബ നമ്പർ

19

11-05-2012

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

ജുമുഅ ഖുത്വ്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالى بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ




# സഹാബിമാരുടെ വാഗ്ദത്ത മസീഹിനോടുള്ള ഉത്ക്കടമായ സ്നേഹം

ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ നിബന്ധനകളിൽ പത്താമത്തെ നിബന്ധനയിൽ പറയുന്നത്, ആ മഹാത്മാവുമായുള്ള സ്നേഹബന്ധത്തിലും ആത്മാർത്ഥതയിലും ഭൗതികമായ മറ്റൊരു സേവക ഭാവങ്ങളിലും കാണാത്ത വിധമുള്ള ബന്ധമായിരിക്കണമെന്ന് പറയുകയുണ്ടായി. ഈ സ്ഥാനം ആ മഹാത്മാവിന്റെ ബൈഅത്തിൽ വന്നതിനുശേഷം എന്തുകൊണ്ടാണ് നാം കരസ്ഥമാക്കണമെന്ന് പറയുന്നത്? യഥാർത്ഥത്തിൽ ആ മഹാത്മാവാണ് ഇക്കാലത്ത് തിരുനബി(സ)യുടെ പ്രവചനപ്രകാരം വിശ്വാസത്തെ സുരയ്യയിൽ നിന്നും ഭൂമിയിലേക്ക് കൊണ്ടുവന്ന തിരുനബിയുടെ യഥാർത്ഥ പ്രേമി. ഇസ്ലാമിക അധ്യാപനങ്ങളിൽ കടന്നുകൂടിയിട്ടുള്ള ബിദ്അത്തുകളെ അകറ്റുകയും അങ്ങനെ ഇസ്ലാമിന്റെ സംശുദ്ധവും പ്രശോഭിതവുമായ അദ്ധ്യാപനത്തെ അദ്ദേഹം വീണ്ടും നമ്മുടെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അദ്ദേഹം തിരുനബി (സ) യുടെ യഥാർത്ഥ സ്ഥാനമാനം നമുക്ക് മനസ്സിലാക്കിത്തന്നു. സൃഷ്ടികളെ സൃഷ്ടാവുമായി ബന്ധപ്പെടുത്തി. ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു.

ഈ പ്രവാചകൻ(സ)യെ പരിപൂർണ്ണമായും പിൻപറ്റാതെ ഒരു മനുഷ്യനും തന്നെ അല്ലാഹുവിലേക്ക് എത്തിപ്പെടാനോ പരിപൂർണ്ണ ദൈവികജ്ഞാനത്തിൽ നിന്നും അവർക്ക് വല്ലതും കരസ്ഥമാക്കാനോ സാധ്യമല്ലെന്ന് കാര്യം എന്റെ സംശുദ്ധവും പരിപാവനവുമായ ജ്ഞാനംകൊണ്ട് ഞാൻ അറിയുന്നു.

തിരുനബി(സ)യുടെ പരിപൂർണ്ണമായ പിൻപറ്റലിലും ആ മഹാത്മാവിനോടുള്ള സ്നേഹത്തിൽ തന്നെ ലയിപ്പിക്കലുമാണ് ആ മഹാത്മാവിനെ അല്ലാഹുവിലേക്ക് എത്തിച്ചേരാൻ കാരണമാക്കിയത്. അല്ലാഹുതആല തിരുനബി(സ)യുടെ ഈ പ്രിയപ്രേമിയെ തന്നിലേക്ക് എത്തിച്ചേരാനുള്ള മാർഗമാക്കി മാറ്റി അല്ലാഹുവിലേക്ക് എത്തുവാൻ ആ മഹാത്മാവുമായി ബന്ധം സ്ഥാപക്കണമെന്നും അല്ലാഹു നിബന്ധന വെക്കുകയുണ്ടായി. അല്ലാഹു തആല അദ്ദേഹത്തോടും തന്റെ പ്രേമത്തിന്റെ ദൃഷ്ടാന്തങ്ങൾ കാണിക്കുകയുണ്ടായി. അത് ആഖരീങ്ങളെ അവ്വലീങ്ങളുമായി കൂട്ടിച്ചേർക്കുകയുണ്ടായി. അല്ലാഹുവിന്റെ ഈ നടപടിക്രമത്തെക്കുറിച്ച് ആ മഹാത്മാവ് ഒരു സ്ഥലത്ത് പറയുന്നു.

മനുഷ്യൻ സത്യഹൃദയത്തോടുകൂടി അല്ലാഹുവിനെ സ്നേഹിക്കുമ്പോൾ അല്ലാഹു അവരേയും സ്നേഹിക്കാൻ തുടങ്ങുന്നു. അപ്പോൾ ഭൂതലത്തിൽ അദ്ദേഹത്തിന് ഒരു സ്വീകാര്യത വ്യാപിക്കുന്നു. ആയിരക്കണക്കിന് മനുഷ്യഹൃദയങ്ങളിൽ അദ്ദേഹത്തോട് ആത്മാർത്ഥമായ സ്നേഹം ഇട്ടുകൊടുക്കുന്നു. ഒരു ആകർഷണ ശക്തി അദ്ദേഹത്തിന് നൽകപ്പെടുന്നു. ഒരു പ്രകാശം അദ്ദേഹത്തിന് ലഭിക്കുന്നു. അത് എപ്പോഴും അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും.

ഈ സ്ഥാനം ഇക്കാലത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ന് ലഭിച്ചു. ഇപ്പോൾ ഞാൻ വാഗ്ദത്ത മസീഹ് (അ) മുമായി ആത്മാർത്ഥ സ്നേഹബന്ധമുള്ളവരുടെ ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്.

ഹദ്റത്ത് അല്ലായാറ് സാഹിബ് റിയാവത്ത് ചെയ്യുന്നു: ഹുസൂറുമായി എന്റെ മുലാഖാത്ത് പലപ്പോഴായി നടന്നിട്ടുണ്ട്. ഹുസൂറിന് ഞാൻ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നു. ഹുസൂറിന്റെ ഇൽഹാമുകളും പവിത്രവചനങ്ങളും ഞാൻ കേൾക്കുമായിരുന്നു. (സദസ്സിലിരുന്ന് ഇൽഹാമുകൾ കേൾപ്പിക്കും. അത് ഞാൻ കേൾക്കുമായിരുന്നു.) ഈ ഒരു കാര്യത്തിനായി ഞാൻ ഖാദിയാനിൽ ഹിജ്റത്ത് ചെയ്തു വന്നു. ഇവിടെവന്ന് മരപ്പണിയും മറ്റും ചെയ്തു. എന്റെ പക്കൽ കുറേ പണമുണ്ടായിരുന്നു. അതെല്ലാം തീർന്നു. ഒന്നും കൈവശം ഇല്ലാതെയായി.

ഒരു ദിവസം ഹൽവ ഉണ്ടാക്കി ഞാൻ വിൽക്കാൻ തുടങ്ങി. ഹുസൂറിന്റെ ബൈത്തുദ്ദുആയുടെ താഴെ നിന്നുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു. പുതിയ ഹൽവയുണ്ട്. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ എന്റെ ശബ്ദം കേട്ടു. എന്നെ അറിയാമായിരുന്നു. പറഞ്ഞു: ഈ കോൺട്രാക്റ്റർ എന്ത് ജോലിയാണാവോ തുടങ്ങിയത്? ഹുസൂർ പറഞ്ഞു. ഇയ്യാം പാറ്റകൾ വിളക്കിൽ വന്ന് വീഴുന്നു. അവർക്ക് മറ്റെന്ത് ചെയ്യാൻ കഴിയും. (ഇദ്ദേഹം വന്നത് സ്നേഹം കൊണ്ടാണ്. ജീവിക്കാൻ വല്ലതും ചെയ്യേണ്ടേ.) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ പറഞ്ഞു. (അക്കാലത്ത് കൊൺട്രാക്റ്റർമാരുടെ അടുത്ത് സാധനങ്ങൾ കൊണ്ടുപോകാൻ കഴുതകൾ ഉണ്ടാകാറുണ്ട്.) അദ്ദേഹത്തിന് കഴുതയെയും കൊണ്ട് പുറത്ത് പോയി ജോലി നോക്കിക്കൂടെ. ഹുസൂർ പറഞ്ഞു. അദ്ദേഹത്തിന് കഴുതയൊന്നുമില്ല. അമ്മാജാൻ പറഞ്ഞു. എവിടെയെങ്കിലും ജോലിക്ക് കയറിക്കൂടെ. ഹുസൂർ പറഞ്ഞു. അത്ര വിദ്യാഭ്യാസം അദ്ദേഹത്തിനില്ല. അവരുടെ ഈ സംസാരം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇദ്ദേഹത്തിന് ആശാരിപ്പണിയേ അറിയൂ. അതിൽ അല്ലാഹു ബർക്കത്ത് ഇടട്ടെ.

അദ്ദേഹം പറയുന്നു. താഴെ ഞാനീ സംസാരം എല്ലാം കേൾക്കുന്നുണ്ടായിരുന്നു. അതിനുശേഷം ഹുസൂർ എന്നെ വിളിപ്പിച്ചു. ചോദിച്ചു. മരമുണ്ടോ. ഇലന്തമരമുണ്ട്, അരയാലുണ്ട്. പറഞ്ഞു. അതിഥി

മന്ദിരത്തിലേക്ക് കട്ടിലിനുള്ള കാലുകൾ വേണം. കാലുകൾ ഉണ്ടാക്കാൻ കഴിയുമോ. അപ്പോൾ ഹുസൂറിന്റെ കൂടെ ഉണ്ടായിരുന്ന അധികാരി പറഞ്ഞു. അരയാലിന്റെ കാലുകൾ ദീർഘകാലം നിൽക്കില്ല. ഹുസൂർ പറഞ്ഞു. ആർക്ക് വേണ്ടിയാണോ ഇതുണ്ടാക്കുന്നത് അവനാണ് അരയാൽ ഉണ്ടാക്കിയത്. അത് വെറുതെ ഉണ്ടാക്കിയതല്ല. അങ്ങനെ ഇരുപത് ജോഡി ഉണ്ടാക്കാൻ എന്നോട് പറഞ്ഞു. (ഹുസൂർ വേണ്ട എന്ന് പറയാതെ ഉള്ളത് കൊണ്ട് നിർമ്മിക്കാൻ പറഞ്ഞു. ഈ സ്നേഹബന്ധം ഇരുഭാഗവും ഉണ്ടായിരുന്നു.)

ഹദ്റത്ത് മലക്ക് ഖാൻ സാഹിബ് രിവായത്ത് ചെയ്യുന്നു. 1902 ൽ ഞാൻ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് മർഹൂം(റ)നൊപ്പം ഖാദിയാൻ ദാറുൽ അമാനിൽ വന്നു. ഞങ്ങൾ വന്ന അന്ന്തന്നെ ബൈഅത്തുചെയ്തോ അതോ രണ്ടാമത്തെ ദിവസമാണോ എന്നെനിക്ക് ഓർമ്മയില്ല. ളുഹർ നമസ്ക്കാരത്തിന് ശേഷമാണ് ബൈഅത്തിന് ഞങ്ങൾ ഹാജരായത് എന്നത് ഉറപ്പാണ്. ഹദ്റത്ത് ശഹീദ് മർഹൂം(റ) ആദ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) കൈയ്യിൽ തന്റെ കൈ വെച്ചു. രണ്ടാമതായി ഈ വിനീതനും കൈവച്ചു. ബൈഅത്തിന്ശേഷം ഞാൻ രണ്ടുമൂന്ന് ദിവസം ഖാദിയാനിൽ താമസിച്ചു. അപ്പോൾ ശഹീദ് മർഹൂം എന്നോട് പറഞ്ഞു. ഖോസ്ത്തിലെ ഭരണാധികാരി താങ്കളെ ബുദ്ധിമുട്ടിപ്പിക്കുന്നതായി ഞാൻ സ്വപ്നം കണ്ടിട്ടുണ്ട്. അതുകൊണ്ട് താങ്കൾ ഉടനെ തിരിച്ചുപോകുക. അതുകൊണ്ട് രണ്ട്മൂന്ന് ദിവസത്തിനുശേഷം ഞാൻ തിരിച്ചുപോയി. കൂടെ ഒരു മുല്ലയും തിരിച്ചുവന്നു. ശഹീദ് മർഹൂം എപ്പോഴും പറയാറുണ്ടായിരുന്നു. (സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള പ്രേമത്തെക്കുറിച്ചുള്ള സംഭവമാണ് പറയുന്നത്.) ഞാൻ എന്നെക്കാളും വലിയ പണ്ഢിതനെ കണ്ടിട്ടില്ല. ഇത് അല്ലാഹുവിന്റെ വലിയ ഒരു ഫള്ലായി കാണുന്നു. അല്ലെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ ചുംബിക്കുമായിരുന്നു. അദ്ദേഹം വന്ന് മസീഹ് മൗഊദ്(അ) ന് ബൈഅത്ത് ചെയ്തതിനുശേഷം പറയുന്നു. ശഹീദ് മർഹൂം ഹ:മസീഹ് മൗഊദ് (അ) ന്റെ പാദം ചുംബിക്കുന്നതായി ഞാൻ എന്റെ കണ്ണുകളെക്കൊണ്ട് കണ്ടിട്ടുണ്ട്. പറഞ്ഞതുപോലെ ചെയ്യുകയുണ്ടായി.

ഹദ്റത്ത് മൗലവി സിക്കന്ദർഅലി സാഹിബ് വിവരിക്കുന്നു. ഖാദിയാനിൽ വന്നു സ്ഥിരതാമസം തുടങ്ങുന്നതിനുമുമ്പ് ഒരു ദിവസം ഞാൻ ഇവിടെ വന്നിരുന്നു. പുലർച്ചെ ഹുസൂർ നടക്കാനിറങ്ങി. ഞാനും കൂടെ പോയി. ഭീതീഭാങ്കട് എന്ന സ്ഥലത്തിനു പകരം ബസ്റാവാൻ വാല എന്ന വഴിയിലൂടെ പോകുകയായിരുന്നു. ആ വഴിയിൽ വെച്ച് ഹുസൂർ പറഞ്ഞു. ചെറിയ ചെറിയ കാര്യങ്ങളായ ഹുക്ക(പുകവലി), അഫീം, കഞ്ചാവ്, ചർസ് തുടങ്ങിയവ ഉപേക്ഷിക്കാൻ കഴിയാത്തവർക്ക്, അതുപേക്ഷിക്കുന്നതുകൊണ്ട് ആരും ദേഷ്യപ്പെടുകയുമില്ല,വലിയ വലിയ കാര്യങ്ങൾ എങ്ങനെ ഉപേക്ഷിക്കാൻ കഴിയും. ആ വലിയ കാര്യം ഉപേക്ഷിക്കുന്നതുകൊണ്ട് സഹോദരന്മാരും മാതാപിതാക്കളും കുടുംബക്കാരും മറ്റു സുഹൃത്തുക്കളുമെല്ലാം വെറുക്കുകയും ചെയ്യും. ഉദാഹരണം മതപരമായ മാറ്റം. അഹ്മദിയ്യത്ത് സ്വീകരിക്കുന്നത് അവർക്കെങ്ങനെ സഹിക്കാൻ സാധിക്കും. ഇത് സ്വീകരിച്ചതിനുശേഷം പല പ്രയാസങ്ങളും സഹിക്കേണ്ടതായി വരും. ചെറിയ പ്രയാസങ്ങൾ സഹിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ വലിയ പ്രയാസങ്ങൾ എങ്ങനെ സഹിക്കാൻ സാധിക്കും.

അദ്ദേഹം പറയുന്നു. ഞാൻ അക്കാലത്ത് ഹുക്ക (പുകവലി) വലിക്കാറുണ്ടായിരുന്നു. ഇതുകേട്ടപ്പോൾ തന്നെ ഇനിമുതൽ ഹുക്ക വലിക്കില്ലെന്ന് ശപഥം ചെയ്തു. അങ്ങനെ ഇതുവരെ എനിക്ക് ഉപേക്ഷിക്കാൻ കഴിയാതിരുന്ന ഹുക്ക എനിക്ക് ഉപേക്ഷിക്കാൻ കഴിഞ്ഞു. (ഇത് ആ മഹാത്മാവിനോടുള്ള ആത്മബന്ധമായിരുന്നു, ഈ ഒരു ദുശ്ശീലം ഉപേക്ഷിക്കാൻ കാരണമായത്.

ഹദ്റത്ത് ശുക്ർ ഇലാഹി ഖാൻ സാഹിബ് അഹ്മദി വിവരിക്കുന്നു. എനിക്ക് 12, 13, വയസ്സായിരുന്നപ്പോൾ എനിക്ക് മതവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഗുരുദാസ്പൂരിലെ ഒരു ഹൈസ്ക്കൂളിൽ പ്രൈമറി പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് എതിർ കക്ഷിയായ മൗലവി അബ്ദുൽ കരീം സാഹിബിന്റെ ഒരു കേസ്സ് നടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അനുയായികളുമൊത്ത് ഹൈസ്ക്കൂളിന്റെ വടക്ക് ഭാഗത്ത് കുളത്തിനടുത്ത് വരാറുണ്ടായിരുന്നു. ഞാൻ സ്കൂൾ ഉപേക്ഷിച്ച് ഹുസൂറിന്റെ അടുത്ത് വന്ന് നിൽക്കും. ഹുസൂറിന്റെ മുഖകമലം കണ്ട് നിൽക്കും. അദ്ദേഹത്തിന്റെ ഒരു പ്രേമി, അദ്ദേഹത്തിന്റെ പേര് എനിക്കറിയില്ല, അദ്ദേഹം തന്റെ വലതുകൈയ്യിൽ വലിയ വിശറി പിടിച്ചുകൊണ്ട് ശക്തിയായി വീശിക്കൊണ്ടിരിക്കും. കുറേ നേരം ഞാൻ നോക്കിയിരുന്നു. അതേ കയ്യിൽ തന്നെയാണ് വിശറി പിടിച്ചിട്ടുള്ളത്. അത് വീശിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത്രനേരം ഇത്രയും ശക്തിയായി വീശിയിട്ടും അദ്ദേഹം ക്ഷീണിക്കാത്തതിൽ ഞാൻ അത്ഭുതപ്പെടാറുണ്ട്. വീശുന്ന ശക്തി കറന്റ് ശക്തമായി കറക്കുന്നതുപോലെയായിരുന്നു. നല്ല ഉഷ്ണകാലമായിരുന്നു. ഹുസൂർ ഇടക്കിടക്ക് അവിടെ വരുമായിരുന്നു. ആ വ്യക്തിയെ ഞാൻ നോക്കിക്കൊണ്ടിരിക്കുമായിരുന്നു. ഇത്രവലിയ വിശറി പകൽ മുഴുവനും ഒരേ കൈകൊണ്ട് വീശുകയോ? അത്ഭുതം തന്നെ. അദ്ദേഹം വാഗ്ദത്ത മസീഹിന്റെ യഥാർഥ പ്രേമിയാണെന്ന് ഇപ്പോഴാണ് തിരിച്ചറിഞ്ഞത്.

ഹദ്റത്ത് മദദ് ഖാൻ സാഹിബ് വിവരിക്കുന്നു. ഒരിക്കൽ എനിക്ക് എന്റെ നാട്ടിൽ റമദാൻ മാസത്തിൽ ഖാദിയാനിൽ പോയി നോമ്പെടുക്കാം എന്ന് ആഗ്രഹം ഉദിക്കുകയുണ്ടായി. ഈദ് നമസ്ക്കാരം അവിടെതന്നെ അനുഷ്ഠിച്ച് തിരിച്ച് നാട്ടിലേക്ക് വരാം. അക്കാലത്ത് സൈന്യത്തിൽ ഞാൻ ചേർന്നതേ ഉണ്ടായിരുന്നുള്ളൂ. ജൂനിയർ കമ്മീഷണറുടെ ഒരു റാങ്ക് സൈന്യത്തിൽ ഉണ്ടായിരുന്നു. ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ഖാദിയാനിൽ പോയി വരാം എന്നാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. അങ്ങനെ എനിക്ക് ഹുസൂറിന്റെ അനുഗ്രഹീത മുഖം ദർശിക്കാൻ സൗഭാഗ്യം ലഭിക്കുന്നതാണ്. ഒരു പ്രാവശ്യംകൂടി തിരുകൈകളിൽ ബൈഅത്ത് ചെയ്യുകയും ചെയ്യാം. കാരണം എന്റെ ആദ്യബൈഅത്ത് 1895,96 കാലഘട്ടത്തിലായിരുന്നു. തപാൽ വഴിയാണ് അന്ന് ബൈഅത്ത് ചെയ്തത്. എനിക്ക് ഖാദിയാനിൽ വരാനുള്ള ആദ്യ അവസരമാണ് ലഭിച്ചത്. ഇപ്രാവശ്യം എന്തുതന്നെയായാലും ഹുസൂറിനെ ഒന്ന് ദർശനം നടത്തിയിട്ട് തന്നെ കാര്യമെന്ന് ഞാൻ ഉറപ്പിച്ചു. ജോലിക്ക് കയറിയാൽ പിന്നീട് ഹുസൂറിനെ കാണാനുള്ള ഭാഗ്യം കിട്ടുമോ എന്നറിയില്ല. അതുകൊണ്ട് ആദ്യം ഖാദിയാനിൽ പോയി ഹുസൂറിനെ കണ്ട് വരാം എന്ന് ഉറപ്പിച്ചു. അവിടെ നിന്ന് വന്നതിനുശേഷം തന്റെ ജോലിക്ക് പോകുകയുമാവാം.

ഞാൻ ഖാദിയാനിൽ വന്നു. ഹുസൂറിന്റെ അനുഗ്രഹീത മുഖം കണ്ടപ്പോൾ എന്റെ മനസ്സിൽ നൊടിയിട വന്ന ആശയം ഇതാണ്. എനിക്ക് കശ്മീർ മുഴുവനും ലഭിച്ചാലും ഹുസൂറിനെ വിട്ട് ഖാദിയാന്ന് പുറത്ത്

ഞാൻ പോകുന്ന പ്രശ്നമില്ല. അദ്ദേഹത്തോടുള്ള ആ ആകർഷണ ശക്തിയായിരുന്നു എനിക്ക് പുറത്തേക്ക് പോകാൻ കഴിയാതിരുന്നത്. എനിക്ക് ആ അനുഗ്രഹീത മുഖം കണ്ടിട്ട് പുറത്ത് പോകുക എന്നത് അസാധ്യമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ദർശനം സാധിച്ചപ്പോൾ ഞാൻ സർവ്വതും മറന്നു. എന്റെ മനസ്സിൽ പല ചിന്തകളും വരാൻ തുടങ്ങി. പുറത്ത് നിനക്ക് ആയിരം രൂപ ശമ്പളം ലഭിച്ചാലും എന്താണ് പ്രയോജനം. നീ പുറത്ത് പോയാൽ ഈ പ്രകാശപൂർണ്ണമായ മുഖം എവിടെ ദർശിക്കാന് സാധിക്കും? ഈ ചിന്ത വന്നപ്പോൾ എന്റെ നാട്ടിലേക്കുള്ള തിരിച്ചുപോക്ക് ഞാൻ ഉപേക്ഷിച്ചു. ഇന്നോ നാളെയോ എന്റെ മരണം വന്നാൽ ഹുസൂർ എന്റെ ജനാസ നിശ്ചയമായും നമസ്ക്കരിക്കുന്നതാണെന്നും ഇതുമുഖേന എന്റെ ലക്ഷ്യം എനിക്ക് നേടാൻ കഴിയുമെന്നും അല്ലാഹു തൃപ്തിപ്പെടുമെന്നും ഞാൻ ഊഹിച്ചു. അങ്ങനെ ഖാദിയാനിൽ നിൽക്കാൻ തന്നെ തീരുമാനിച്ചു.

ഞാൻ ഖാദിയാനിൽ ആയിരുന്നപ്പോൾ നിത്യവും ഒരു കത്ത് ദുആക്ക് വേണ്ടി എഴുതി ഹുസൂറിന്റെ വീടിനടുത്തുചെന്ന് ആരുടെയെങ്കിലും കൈയ്യിൽ കൊടുത്തയക്കും. ഹുസൂർ ഇതുകൊണ്ട് ദേഷ്യപ്പെടുമോ എന്നെനിക്ക് ആശങ്ക ഉണ്ടായിരുന്നു. എപ്പോഴും എന്നെ ബുദ്ധിമുട്ടിപ്പിക്കുന്നതെന്തിനാണെന്ന് ചിന്തിക്കുമോ എന്നും ഞാൻ ചിന്തിച്ചുപോയി. എന്നാൽ എന്റെ ഈ ചിന്തയെല്ലാം തികച്ചും തെറ്റായിരുന്നു. കാരണം ഒരു ദിവസം എഴുത്തുമുഖേന മറുപടി നൽകിക്കൊണ്ട് ഹുസൂർ പറഞ്ഞു. താങ്കൾ തുടങ്ങിവെച്ച ഈ പ്രവർത്തി വളരെ നല്ലതാണ്. എന്നെ എപ്പോഴും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുകാരണം ഞാൻ താങ്കൾക്കായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇൻശാ അല്ലാഹ് ഇനിയും ദുആ ചെയ്തുകൊണ്ടിരിക്കുന്നതാണ്.

മൗലവി ജമാലുദ്ദീൻ സാഹിബിന്റെ മകൻ മുഹമ്മദ് ഇസ്മാഈൽ സാഹിബ് വിവരിക്കുന്നു. ഗുർദാസ്പൂരിൽ കരംദീൻ ജഹ്‌ലമിയുടെ കേസ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴെനിക്ക് 20-ാമത്തെ വയസ്സായിരുന്നു. ഒരു ദിവസം എന്റെ ഗ്രാമത്തിൽ നിന്നും ഞാനവിടെ എത്തി. ഒരു ബംഗ്ലാവിൽ ഹുസൂർ താമസിക്കുന്നുണ്ടായിരുന്നു. നല്ല ചൂടുള്ള ദിവസം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു റൂമിൽ ഇരിക്കുകയായിരുന്നു. എന്റെ പിതാവ് മിയാം ജമാലുദ്ദീൻ സാഹിബ്, മിയാം ഇമാമുദ്ദീൻ സാഹിബ് ഇർഫാനി, ചൗധരി അബ്ദുൽ അസീസ് സാഹിബ് മർഹൂം എന്നിവർ അവിടെ ഉണ്ടായിരുന്നു. ഞാൻ ചെന്ന് വിശറിയെടുത്ത് ഹുസൂറിന് വീശിക്കൊടുത്തു. ഹുസൂർ എന്നെ ഒന്നു നോക്കി. എന്നിട്ട് എന്റെ പിതാവ് മിയാൻ ജമാലുദ്ദീൻ സാഹിബിനെ നോക്കി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. മിയാൻ ഇസ്മാഈൽ ഇവിടെ വന്ന് പ്രതിഫലത്തിൽ പങ്കാളിയായിരിക്കുന്നു. ഈ ചെറിയ സേവനത്തിൽ പോലും ഹുസൂർ പ്രകടിപ്പിച്ച സന്തോഷം എനിക്ക് ഇപ്പോൾ ഓർമ വരുമ്പോഴും ശരീരത്തിനാകെ ഒരു കുളിർമ അനുഭവപ്പെടുന്നു.

ഹദ്റത്ത് ശൈഖ് അസ്ഗർ ആലി സാഹിബ് വിവരിക്കുന്നു. പൊതുവിൽ ഹദ്റത്ത് അഖ്ദസ് (അ) നോട് പുറമേ നിന്ന് വന്നവർ തിരിച്ചു പോകാൻ അനുവാദം ചോദിച്ചാൽ വീണ്ടും വീണ്ടും ഇവിടെ വരണമെന്ന് ഉപദേശിക്കുമായിരുന്നു. ചിലപ്പോൾ പറയും, കുറച്ചുകൂടി ഇവിടെ നിന്നാലും. ഇവിടെ കുറച്ചുകാലം കൂടി താമസിക്കാമെന്ന് ഹുസൂർ മനസ്സിലാക്കിയവരോടാണ് ഇത് പറയാറുള്ളത്, എല്ലാവരോടും പറയാറില്ല. നിൽക്കാൻ കഴിയുന്നവരോടാണ് പറയാറുള്ളത്.

ചുരുക്കത്തിൽ ഹുസൂറിൽ നിന്നും പിരിഞ്ഞുപോകുക എന്നത് സുഹൃത്തുക്കൾക്ക് വലിയ വിഷമം ഉണ്ടാക്കുന്ന കാര്യമായിരുന്നു. ഇവിടെ നിന്ന് തിരിച്ചുപോകുന്നതിനു മുമ്പേ കൈകൊടുക്കണമെന്ന് പറഞ്ഞിരുന്നു. എല്ലാവരും കൈകൊടുത്ത് അനുവാദം വാങ്ങിയാണ് അവിടെ നിന്നും തിരിച്ചുപോയിരുന്നത്. കൈകൊടുത്ത് അനുവാദം വാങ്ങാതെ ആരും പോയിട്ടില്ല എന്നതാണ് എന്റെ അറിവ്. അതിന് എത്രതന്നെ കാത്തിരിക്കേണ്ടിവന്നാലും അത് ചെയ്തിരുന്നു. ചിലർ കൈകൊടുക്കാൻ കുറേ നേരം കാത്തിരിക്കും. അങ്ങനെ പുറപ്പെടാൻ കുറേ വൈകിയിരിക്കും. വണ്ടിയുടെ സമയത്ത് സ്റ്റേഷനിൽ എത്തുമെന്ന് ഒട്ടും പ്രതീക്ഷയുണ്ടാവില്ല. എന്നാൽ ഹുസൂറിന്റെ ദുആയുടെ ബർക്കത്ത്കൊണ്ട് അല്ലാഹുവിന്റെ പ്രവർത്തനഫലമായി പലപ്പോഴും വണ്ടി വൈകി ബട്ടാലയിൽ എത്തും. അങ്ങനെ അവർ സുഖമായി വണ്ടിയിൽ യാത്ര തുടരും.

അദ്ദേഹം തന്റെ ഒരു സംഭവം വിവരിക്കുന്നു. എനിക്ക് ഇങ്ങിനെ ഒരനുഭവം ഉണ്ടായിട്ടുണ്ട്. ഞങ്ങൾ വളരെ വൈകിയാണ് അന്ന് പുറപ്പെട്ടത്. കുതിരവണ്ടിപോലും ഞങ്ങൾക്ക് ലഭിച്ചില്ല. ഞങ്ങൾ കുറച്ച് സഹോദരന്മാരാണുണ്ടായിരുന്നത്. കാൽനടയായി നടന്നു.ആറുമണിക്കാണ് ബട്ടാലയിൽ വണ്ടി എത്തേണ്ടത്. അതിൽ യാത്ര ചെയ്യാ നാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സമയം വളരെ കുറവും. ഞങ്ങൾ ദുആ ചെയ്തുകൊണ്ടിരുന്നു, വേഗത്തിൽ നടന്നു. കുറച്ചുദൂരം ഓടുകയും ചെയ്തു. അല്ലാഹു ഞങ്ങൾക്ക് മനക്കരുത്ത് തന്നിരുന്നു. അവിടെ എത്തിയപ്പോൾ വണ്ടി എത്തിയിട്ടില്ലെന്നറിഞ്ഞു. കുറച്ച് കഴിഞ്ഞപ്പോൾ വണ്ടി വന്നു. ഞങ്ങൾ സുഖമായി യാത്ര ചെയ്തു. ഇത് തികച്ചും ഹുസൂറിന്റെ ആത്മശ്രദ്ധ ഒന്നുകൊണ്ട് മാത്രമാണ് സംഭവിച്ചത്.

ഹദ്റത്ത് ഹുസൈൻ സാഹിബ് മർഹമെ ഈസയുടെ മകൻ ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ ഇരിക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചാൽ, അല്ലെങ്കിൽ ഹുസൂറിന്റെ പ്രസംഗം ശ്രവിച്ചാൽ ഞാൻ എന്റെ കൈവശം വെക്കുന്ന കടലാസും പെൻസിലും എടുത്ത് ഹുസൂർ പറഞ്ഞ കാര്യങ്ങളിൽ എനിക്ക് ഉടനെ പ്രാവർത്തികമാക്കേണ്ടതും എന്റെ ജീവിതത്തിൽ ഉൾക്കൊള്ളേണ്ടതുമായ കാര്യം കേട്ടാൽ ഉടനെ ഞാനത് എഴുതിവെക്കുമായിരുന്നു.

ഹദ്റത്ത് അല്ലാദത്താ സാഹിബ് ഹെഡ്മാസ്റ്റർ പറയുന്നു. 1901 ലോ 1902 ലോ ഒരു നവാബ് സാഹിബ് തന്റെ പരിവാരങ്ങളോടൊപ്പം ചികിത്സക്കായി ഖാദിയാനിൽ വന്നു. ഞാൻ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുത്തുള്ളപ്പോൾ നവാബ് സാഹിബിന്റെ രണ്ട് ജോലിക്കാർ, ഒരു മുസ്‌ലിമും ഒരു സിക്കുകാരനും അവിടെ വന്നു. എന്നിട്ട് പറഞ്ഞു. നവാബ് സാഹിബിന്റെ നാട്ടിൽ വൈസ്രോയി വരുന്നുണ്ട്. താങ്കൾക്ക് അവരുടെ ബന്ധങ്ങളെക്കുറിച്ച് അറിയാവുന്നതാണല്ലോ. അതുകൊണ്ട് നവാബ് സാഹിബിന്റെ കൂടെ മൗലാനാ സാഹിബ് കുറച്ച് ദിവസത്തേക്ക് വരണം എന്നതാണ് നവാബിന്റെ ആഗ്രഹം.

ഖലീഫ അവ്വൽ പറഞ്ഞു: ഞാൻ എന്റെ ഉടമസ്ഥനല്ല. എനിക്ക് ഒരു യജമാനനുണ്ട്. അദ്ദേഹത്തോട് ചോദിക്കുക. ളുഹർ നമസ്ക്കാരത്തിന്റെ സമയമായപ്പോൾ ഈ ജോലിക്കാർ അല്ലാഹുവിന്റെ പ്രവാചകനോട് ഈ കാര്യം പറഞ്ഞു. ഹുസൂർ (അ) പറഞ്ഞു. ഞാൻ മൗലവി സാഹിബിനെ തീയ്യിലിട്ടാൽ അദ്ദേഹം നിഷേധിക്കില്ല എന്നെനിക്കറിയാം. വെള്ളത്തിൽ ഇട്ടാലും നിഷേധിക്കില്ല. എന്നാൽ അദ്ദേഹത്തെക്കൊണ്ട് ഇവിടെ ആയിരക്കണക്കിന് ആളുകൾക്ക് പ്രയോ

ജനം ലഭിക്കുന്നുണ്ട്. ഒരു ഭൗതിക വ്യക്തിക്കായി ഈ അനുഗ്രഹങ്ങളെയെല്ലാം നിർത്തലാക്കാൻ നമ്മെക്കൊണ്ട് പറ്റില്ല. നവാബ് സാഹിബ് ജീവനം വേണമെന്നുണ്ടെങ്കിൽ ഇവിടെനിന്ന് ചികിത്സിക്കുക. വൈസ്രോയി വരുന്നതുകൊണ്ട് പോകേണ്ട കാര്യമെന്ത്? ഇവിടെ പാവങ്ങൾക്ക് വളരെ ഗുണം ചെയ്യുന്നുണ്ട്. അതുകൊണ്ട് പാവങ്ങൾ ക്കാണ് മുൻഗണന നൽകുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രകടിപ്പിച്ച ഈ ശുഭപ്രതീക്ഷക്ക് അന്ന് വൈകുന്നേരം ഖലീഫ അവ്വൽ പ്രതികരിച്ചത് ഇപ്രകാരമാണ്. അന്ന് അസർ നമസ്ക്കാരത്തിന് ശേഷം ഖുർആൻ ദർസിൽ മൗലവി സാഹിബ് പറഞ്ഞു. ഇന്ന് ഞാൻ വളരെ സന്തോഷവാനാണ്. സന്തോഷംകൊണ്ട് എനിക്ക് ഒന്നും പറയാൻ കഴിയുന്നില്ല. എനിക്ക് ഒരു യജമാനനുണ്ട്. എന്നോട് തൃപ്തിയായാൽ മതിയായിരുന്നു എന്നാണ് എപ്പോഴും ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് നോക്കുക. എന്തുമാത്രം സന്തോഷത്തിന്റെ സുദിനമാണിന്ന്. എന്നെക്കുറിച്ച് പറഞ്ഞത് ഞാൻ നൂറുദ്ദീനെ അഗ്നിയിൽ പിടിച്ചിട്ടാലും ഒരിക്കലും നിഷേധിക്കില്ല. വെള്ളത്തിൽ പിടിച്ചിട്ടാലും നിഷേധിക്കില്ല.

ഹദ്റത്ത് മാസ്റ്റർ ദിറാവർ ഖാൻ സാഹിബ് വിവരിക്കുന്നു. അല്ലാദത്ത സാഹിബ് റിഡയേഡ് സ്കൂൾ മാസ്റ്റർ ഖാദിയാൻ ദാറുർറഹ്മത്ത് അദ്ദേഹം ഗുജ്റാൻ വാലായിൽ കില്ലാൻ ദീദാർ സിംഗ് സ്കൂളിൽ നാഇബ് മുദർറിസ് ആയിരുന്നപ്പോൾ എന്നോട് വിവരിച്ചു. ഒരിക്കൽ ഖാദിയാനിൽ ഞാൻ പോയിരുന്നു. മസ്ജിദ് മുബാറക്കിൽ ഹുസൂർ സുഹൃത്തുക്കളോടൊപ്പം ഇരിക്കുകയായിരുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും അവിടെ ഉണ്ടായിരുന്നു. ഹുസൂർ അദ്ദേഹത്തെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. (മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ചൂണ്ടിക്കൊണ്ട്) ഈ വ്യക്തി എന്നെ ശരിക്കും പ്രേമിക്കുന്ന വ്യക്തിയാണ്. അതിനുശേഷം മസ്ജിദിൽ നിന്ന് പുറത്ത് വന്നപ്പോൾ കവലയിൽ വന്ന് മൗലവി സാഹിബ് പറഞ്ഞു. ആരോടാണോ തന്റെ പ്രേമഭാജനം പറയുന്നത് ഇത് എന്റെ പ്രേമിയാണെന്ന് അദ്ദേഹത്തിന് മറ്റെന്തുവേണം.

ഹദ്റത്ത് ഉമർ ബക്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് മാസ്റ്റർ മൗലാ ബക്ശ് സാഹിബ് വിവരിക്കുന്നു. ഞാൻ ഒരിക്കൽ ഖാദിയാനിൽ വന്നിരുന്നു. അവധിയുടെ മൂന്ന് ദിവസം ബാക്കിയുണ്ടായിരുന്നു. ഞാൻ തിരിച്ച് പോകാൻ അനുവാദം വാങ്ങി. അടിച്ചുവാരുന്നവർ താമസിച്ചിരുന്ന ആ പ്രദേശത്തുകൂടെ നടന്ന് ബട്ടാലക്കുള്ള വഴിയിലെത്തി. മുമ്പോട്ട് പോകാൻ തീരെ മനസ്സു വരുന്നില്ല. അവിടെ വയലിലിരുന്നു. പൊട്ടിപ്പൊട്ടിക്കരഞ്ഞുകൊണ്ടിരുന്നു. തിരിച്ച് ഖാദിയാനിലേക്ക് തന്നെ വന്നു. (തിരിച്ചു പോകാൻ കഴിയാത്ത ഒരു അസ്വസ്ഥത) അവധി കഴിഞ്ഞപ്പോൾ തിരിച്ചുപോയി. ഹുസൂറിനോടുള്ള സ്നേഹം കാരണമായാണ് ഇങ്ങനെ സംഭവിച്ചത്.

ഹദ്റത്ത് മൗലവി മുഹിബ് റഹ്മാൻ സാഹിബ് വിവരിക്കുന്നു. ഞാൻ പിതാവിനോടൊപ്പം 1899 ൽ ഖാദിയാനിൽ പോയി. ബട്ടാലയിൽ നിന്നും കുതിരവണ്ടിയിൽ യാത്ര ചെയ്ത ഖാദിയാനിലെത്തി. അതിഥി മന്ദിരത്തിന്റെ വാതിൽക്കൽ കുതിരവണ്ടി എത്തിയപ്പോൾ ഉപ്പ വണ്ടിയിൽ നിന്ന് ചാടിയിറങ്ങി അകത്തേക്ക് ഓടിപ്പോയി. കുതിരവണ്ടിക്കാരൻ സാധനങ്ങൾ പുറത്തുവെച്ചു. ഞാനാണെങ്കിൽ അന്തംവിട്ട് നിൽക്കുകയാണ്. ഉപ്പ എന്തുകൊണ്ടാണ് തന്റെ പതിവിന് വിരുദ്ധമായി ചാടി ഇറങ്ങി ഓടിയത്? കുറച്ച് കഴിഞ്ഞപ്പോൾ ഹാഫിസ് ഹാമിദലി സാഹിബ് പുറത്ത് വന്നു. എന്നോട് ചോദിച്ചു. മിയാൻ ഹബീബുർറഹ്മാൻ സാഹിബിന്റെ സാധനങ്ങളാണോ ഇത്? ഞാൻ അതേ എന്ന് പറഞ്ഞു. അങ്ങനെ സാധനമെടുത്ത് എന്നെയും കൂട്ടി മഹ്മാൻ ഖാനയിൽ കൊണ്ടുപോയി. കുറച്ച് കഴിഞ്ഞപ്പോൾ ഉപ്പ തിരിച്ചുവന്നു. അടുത്ത ദിവസം കാലത്ത് സുബഹി നമസ്ക്കാരത്തിന് ശേഷം പിതാവ് എന്നെയും കൂട്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വീട്ടിൽ ചെന്നു. റൂമിന്റെ വാതിൽക്കൽ എത്തിയപ്പോൾ ഹുസൂർ കതക് തുറന്നു. ഞങ്ങൾ അകത്ത് പ്രവേശിച്ചു. ബൈത്തുൽ ഫിക്റിനോട് ചേർന്നു നിൽക്കുന്ന റൂമാണത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കസേരയിൽ ഇരുന്നു. കുറേ പുസ്തകങ്ങൾ ഉള്ള ഒരു മേശ അതിന്റെ മുമ്പിലുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും അടുത്തുള്ള ഒരു കട്ടിലിൽ ഇരുന്നു. ഉപ്പ ഹദ്റത്ത് മസീഹ് മൗഊദ്(അ)മുമായി കുറേനേരം സംസാരിച്ചു. എന്നിട്ട് ഉപ്പ പറഞ്ഞു. മുഹിബ്ബുറ്റഹ്മാനെ ബൈഅത്ത് ചെയ്യിപ്പിക്കാനാണ് ഞാൻ കൊണ്ടുവന്നത്. ഹുസൂർ പറഞ്ഞു. അവന്റെ ബൈഅത്ത് ആയിട്ടുണ്ടല്ലോ. (പിതാവ് ചെയ്തതുകൊണ്ട്, അതല്ലെങ്കിൽ ജന്മനാ ആയിരിക്കും. പിതാവ് ചെയ്തപ്പോൾ കുട്ടികളും അതിൽ ഉൾപ്പെട്ടിട്ടുണ്ടാകും) ഉപ്പ പറഞ്ഞു. ബൈഅത്തു ചെയ്താൽ ദുആയിൽ പങ്കെടുക്കാമല്ലോ എന്ന് ഞാൻ കരുതി. അപ്പോൾ ഹുസൂർ (അ) പറഞ്ഞു. ഇന്ന് വൈകുന്നേരം ബൈഅത്ത് വാങ്ങാം. അന്ന് മഗ്രിബിനുശേഷം ഞാൻ മറ്റു പലരെയുമൊപ്പം ബൈഅത്ത് ചെയ്തു.

ബൈഅത്ത് ചെയ്തതിനുശേഷം അദ്ദേഹത്തിനുണ്ടായ ചിന്താഗതി പറയുന്നു. ഞങ്ങൾ എത്തിയ ദിവസം വണ്ടിയിൽ നിന്നും ഉപ്പ ഇറങ്ങി ഓടിയിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാനായിരുന്നു എന്നെനിക്ക് മനസ്സിലായി. ആ സ്നേഹമാണ് അദ്ദേഹത്തെ അസ്വസ്ഥമാക്കിയിരുന്നത്. ഉടനെ ഹുസൂറിന്റെ സമക്ഷം ഹാജരായി. ഉപ്പ ഖാദിയാനിൽ എത്തിയാൽ ആദ്യം ഹുസൂറിന്റെ സമക്ഷം ഹാജറാകും. കൂടാതെ കാലത്ത് സുബഹിക്ക് ശേഷം ഒറ്റക്ക് പോയി കാണുകയും ചെയ്യുമായിരുന്നു. ഇത് ഉപ്പയുടെ ശീലമായിമാറി.

ഹദ്റത്ത് ഹാജി മുഹമ്മദ് മൂസാ സാഹിബ് വിവരിക്കുന്നു. ഒരിക്കൽ എന്റെ മകൻ അബ്ദുൽ മജീദ് (4 വയസ്സ്) ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ തനിക്ക് കെട്ടിപ്പിടിച്ച് മുലാക്കാത്ത് നടത്തണം എന്ന് പറഞ്ഞ് വാശി പിടിക്കാൻ തുടങ്ങി. മഗ്രിബ് മുതൽ സുബഹി വരെ ഈ വാശി തന്നെയായിരുന്നു. രാത്രി ഞങ്ങളെ വളരെ പ്രയാസപ്പെടുത്തി. കാലത്ത് ആദ്യവണ്ടിയിൽ തന്നെ അവനുമായി ബട്ടാലയിലെത്തി. അവിടെ നിന്ന് കുതിരവണ്ടിയിൽ ഞങ്ങൾ ഖാദിയാനിലെത്തി. എത്തിയ ഉടനെ ഹുസൂറിന്റെ അടുത്ത് ഇപ്രകാരം സന്ദേശമയച്ചു. അബ്ദുൽ മജീദ് താങ്കളെ കെട്ടിപ്പിടിച്ച് മുലാക്കാത്ത് നടത്താൻ ആഗ്രഹിക്കുന്നു. ചെറിയ കുട്ടിയാണ്. ഹുസൂർ അപ്പോൾ തന്നെ പുറത്തേക്ക് വന്നു. അബ്ദുൽ മജീദ് അദ്ദേഹത്തിന്റെ കാലുകൾ കെട്ടിപ്പിടിച്ചു. അങ്ങനെ അവൻ മുലാഖാത്ത് നടത്തി. എന്നിട്ട് കുട്ടി പറഞ്ഞു. ഇപ്പോഴാണ് ഒന്ന് തണുത്തത്.

ഹദ്റത്ത് മിയാൻ അബ്ദുൽ ഗഫ്ഫാർ സാഹിബ് ജലാൽ വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് സാഹിബ് കോവണിയിലൂടെ പുറത്ത് വന്നു. അഹ്മദിയ്യാ കവലയിൽ വന്ന് നിന്നു. ഹുസൂർ അപ്പോൾ തന്റെ ഊന്നുവടിയിൽ ചാരി നിൽക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ(റ) ന്റെ മരുന്നുകടയിൽ നിൽക്കുകയായിരുന്നു അപ്പോൾ ഞാൻ. ഞാൻ ഹുസൂറിനെക്കണ്ട് എന്റെ ഉപ്പയോട് പറഞ്ഞു. ബാവാ! ഹദ്റത്ത് സാഹിബ് വന്നിട്ടുണ്ട്. ഉപ്പ പറഞ്ഞു. ഉച്ചത്തിൽ പറയല്ല. ജനങ്ങൾ

ഇത് കേട്ട് ഓടിവരും. അങ്ങനെ ആളുകൾ തടിച്ചുകൂടിക്കഴിഞ്ഞാൽ ഹുസൂറിന്റെ വാക്കുകൾ കേൾക്കാൻ നമുക്ക് കഴിയാതെ വരും. (ഇതും സ്നേഹ പ്രകടനമാണ്. ഹദ്റത്ത് മസീഹ് മൗഊദിന്റെയും തന്റെയും ഇടയിൽ മറ്റാരും ഉണ്ടാവരുത് എന്ന ആഗ്രഹം. കൂടുതൽ ആളുകൾ ഒരുമിച്ചുകൂടിയാൽ ഒരുപക്ഷെ അദ്ദേഹത്തിന്റെ അടുത്ത് എത്തിച്ചേരാൻ കഴിഞ്ഞെന്ന് വരില്ല) ഉടനെ ഞങ്ങൾ എഴുന്നേറ്റ് ഹുസൂറിന് കൈകൊടുത്തു.

ഹദ്റത്ത് സാഹിബ് എന്റെ ഉപ്പയോട് പറഞ്ഞു. മിയാൻ ഗുലാം റസൂൽ. അമൃത്സറിലെ വർത്തമാനമെന്താണെന്ന് പറയൂ. ഉപ്പ പറഞ്ഞു. ഹുസൂർ ജനങ്ങൾ ഇടക്ക് വന്ന് മറ്റു കാര്യങ്ങൾ പറയും. ഞാൻ പറയുമ്പോൾ മറ്റുള്ളവർ വന്ന് മറ്റുകാര്യങ്ങൾ പറഞ്ഞാൽ എന്റെ കാര്യം പാതി വഴിക്കൽ നിൽക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇന്ന് നിങ്ങളുടെ കാര്യം കഴിഞ്ഞിട്ട് മറ്റു കാര്യങ്ങൾ.

മുഹല്ല ദാറുൽ അൻവാരിലേക്ക് ഹുസൂർ നടക്കാനിറങ്ങി. ഹദ്റത്ത് സാഹിബിന്റെ ബംഗ്ലാവ് ഉള്ള സ്ഥലത്തെത്തിയപ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ അമ്മോശൻ ഖലീഫ റജ്ബുദ്ദീൻ സാഹിബ് കശ്മീരി ഭാഷയിൽ എന്നോട് പറഞ്ഞു. ഒന്ന് മിണ്ടാതിരി. ഞങ്ങൾക്കും കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. ഹുസൂർ (അ) പറഞ്ഞു. ഇന്ന് മിയാൻ ഗുലാം റസൂലിന്റെ സംസാരം മാത്രമായിരിക്കും ഉണ്ടാകുക. മറ്റാരും പറയരുത്.

അവിടെയുള്ള മുല്ലാക്കളുടെ കാര്യമാണ് പറഞ്ഞുകൊണ്ടിരുന്നത്. എന്റെ ഉപ്പ പറഞ്ഞതായി എനിക്കോർമയുണ്ട്. ഞാൻ ഹുസൂറിനോട് അമൃത്സറിലെ ഒരു മുല്ലയെക്കുറിച്ച് പറയുകയായിരുന്നു. ആ മുല്ല എന്നോട് പറഞ്ഞു. നീ മിർസാ സാഹിബിനെ ഉപേക്ഷിച്ചാൽ കുറേ പണം നിങ്ങൾക്ക് നൽകുന്നതാണ്. എന്നാൽ ഞാൻ പറഞ്ഞു. ഇന്ന കച്ചവടക്കാരൻ ഒരു സ്ത്രീയെ വെച്ചിട്ടുണ്ട്. ആ സ്ത്രീയെ അയാൾക്ക് വിടാൻ പറ്റില്ലെങ്കിൽ ഞാൻ അല്ലാഹുവിന്റെ നബിയെ എങ്ങനെ കൈവിടാനാണ്. (ഭൗതികരായവർ തങ്ങളുടെ ഭൗതിക സ്നേഹത്തിന്റെ പേരിൽ ഇരുലോകവും ഇങ്ങനെയുള്ള പ്രവർത്തനം കാരണം നശിപ്പിക്കുന്നു. ദുശ്പേരിന് കാരണമാകുകയും ചെയ്യുന്നു. ഞാൻ അല്ലാഹുവിനോടുള്ള സ്നേഹം കാരണം അല്ലാഹുവിന്റെ പ്രവാചകനോടുള്ള ബന്ധത്തിൽ തന്നെ ബന്ധസ്ഥനാക്കിയിരിക്കുകയാണ്. അദ്ദേഹത്തെ എനിക്കെങ്ങനെ ഉപേക്ഷിക്കാൻ സാധിക്കും. ഇതുകാരണമാണ് എന്റെ ദുൻയാവും ആഖിറത്തും ശരിയായിത്തീരുക.)

ഹദ്റത്ത് ശൈഖ് സൈനുൽ ആബിദീൻ വിവരിക്കുന്നു. എന്റെ സഹോദരൻ മെഹർ അലി സാഹിബ് 8-ാം ക്ലാസിൽ പഠിക്കുകയായിരുന്നു. അവൻ രോഗിയായി. ആറുമാസംവരെ വയറിളക്കംതന്നെ. ചികിത്സ നടത്തിക്കൊണ്ടിരുന്നു. സുഖം പ്രാപിക്കുന്നുണ്ടായിരുന്നില്ല. എല്ലാ പ്രതീക്ഷകളും അസ്തമിച്ചപ്പോൾ ഞാൻ അവനെ ഖാദിയാനിലേക്ക് കൊണ്ടുപോയി.

ഞാൻ ഇവിടെ ഒരു കുട്ടിയുടെ ജനാസ നമസ്ക്കരിപ്പിക്കുന്നതാണെന്ന് ഹുസൂറിന് ഇൽഹാം ഉണ്ടായിരുന്നു. ഹുസൂർ മനസ്സിലാക്കിയിരുന്നത് തന്റെ തന്നെ ഏതെങ്കിലും മകനെക്കുറിച്ചായിരിക്കുമെന്നാണ്. മെഹർ അലിയെ അവിടെ കൊണ്ടുവന്നപ്പോൾ ഒന്നൊന്നര മാസം ഹുസൂർ അവനെ ചികിത്സിപ്പിച്ചു. കുറച്ചൊക്കെ സുഖം പ്രാപിച്ചു. എന്നാൽ ഈ കുട്ടി രക്ഷപ്പെടില്ലെന്ന് ഹുസൂറിന് ഇൽഹാം ഉണ്ടായി. അപ്പോൾ ഹുസൂർ ഹാഫിസ് ഹാമിദലിയോട് പറഞ്ഞു. ഈ കുട്ടിയെ വീട്ടിലേക്ക് തിരിച്ചുകൊണ്ടുപോകുക. അവൻ രക്ഷപ്പെടില്ല. ഇവിടെ വെച്ച് വഫാത്തായാൽ നിങ്ങളുടെ ബന്ധുക്കൾക്ക് ബുദ്ധിമുട്ടായിരിക്കും. അങ്ങനെ അവനെ കൊണ്ടുപോകാൻ ഞങ്ങൾ പല്ലക്ക് തയ്യാറാക്കി. പല്ലക്കിൽ അവനെ ഇരുത്തി ബസാർ വരെ എത്തി. അവൻ പറഞ്ഞു. ഞാൻ തിരിച്ചുപോകുന്ന പ്രശ്നമില്ല. (12,13 വയസ്സുള്ള കുട്ടിയായിരുന്നു.) മരിക്കുകയാണെങ്കിൽ ഇവിടെ വെച്ച് മരിക്കാം. ഞാൻ മിർസാ സാഹിബിന്റെ അടുത്ത് തന്നെ നിൽക്കും. എന്നെ തിരിച്ചുകൊണ്ടുപോകുന്നില്ലെങ്കിൽ ഞാൻ ഇതിൽ നിന്നും ചാടി രക്ഷപ്പെടുന്നതാണ്. ഇതുകേട്ടപ്പോൾ ഞങ്ങൾ അവനെ തിരിച്ചുകൊണ്ടുവന്നു. ഹുസൂറിനെ വിവരിമറിയിച്ചു. ഹുസൂർ പറഞ്ഞു. ഇവിടെ നിൽക്കട്ടെ. അവൻ ഇവിടെ വെച്ച്തന്നെ മരിക്കും. എന്നാൽ അവൻ കിടപ്പിൽ കിടന്നുകൊണ്ട് മരിക്കില്ല. നടന്നുകൊണ്ടിരിക്കെ മരിക്കും.

മരിക്കുന്ന ആ ദിവസം അവൻ അങ്ങാടിയിൽ പോയി. പാൽ കുടിച്ചു. വൈകുന്നേരം വീട്ടിൽ വന്നു ഉമ്മയോട് പറഞ്ഞു. ഉമ്മ വിളക്ക് അണയാറായി. ഉമ്മ കരുതിയത് സന്ധ്യയായതുകൊണ്ട് വിളക്ക് കത്തിക്കാനായിരിക്കും പറയുന്നതെന്നാണ്. അപ്പോൾ അവൻ പറഞ്ഞു. ഞാൻ പറഞ്ഞതിന്റെ പൊരുൾ ഇതാണ്. അവനും വിവരം ലഭിച്ചിരിക്കും. ഉമ്മ നിന്ന നിൽപ്പിൽ അവനെ മാറോട് ചേർത്ത് കെട്ടിപ്പിടിച്ചു. അതേ അവസ്ഥയിൽ അവൻ വഫാത്തായി. ഹദ്റത്ത് സാഹിബ് ജനാസ നമസ്ക്കരിപ്പിച്ചു. ഖാദിയാനിൽതന്നെ മറവ് ചെയ്യുകയും ചെയ്തു. ജനാസ നമസ്ക്കാരം വളരെ ദീർഘിപ്പിച്ചാണ് നമസ്ക്കരിപ്പിച്ചത്. ഞങ്ങൾ ക്ഷീണിച്ചുപോയി. ജനങ്ങൾ കരയുകയായിരുന്നു.

ഹദ്റത്ത് മിയാൻ അബ്ദുർറസാഖ് സാഹിബ് വിവരിക്കുന്നു. ഞാൻ കേസ്സിന്റെ വിധി കേൾക്കാൻ വളരെ താൽപര്യത്തോടുകൂടി, ഹുസൂർ വരുന്നതിന് ഒരു ദിവസം മുമ്പേ ജഹ്ലമിൽ എത്തി. (ജഹ്ലമിലെ പ്രസിദ്ധമായ കേസ്സുമായി ബന്ധപ്പെട്ട കാര്യമാണ്.) വണ്ടി എത്തുന്നതിനു മുമ്പേ സ്റ്റേഷനിൽ എത്തിയിരുന്നു. ഞാൻ സ്റ്റേഷനിൽ കണ്ട കാഴ്ച ഇതായിരുന്നു. പത്ത് അടി ഇടവിട്ട് പോലീസുകാർ നിൽക്കുന്നുണ്ട്. ജനങ്ങൾ മതിലിൽ കയറാൻ ശ്രമിക്കുന്നു. എന്നാൽ പോലീസ് അകത്ത് കടക്കാൻ സമ്മതിക്കുന്നുണ്ടായിരുന്നില്ല. വണ്ടി വരാനായപ്പോൾ ജനങ്ങൾ തിങ്ങി നിറഞ്ഞു. പോലീസിന് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ വന്നു. ജനക്കൂട്ടം മതിൽ ചാടിക്കടന്ന് അകത്ത് പ്രവേശിച്ചു. ഹദ്റത്ത് സാഹിബ് വണ്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ അഹ്മദി സഹോദരങ്ങൾ പോലീസിന്റെ സഹായത്താൽ പുറത്തേക്ക് ഒരു വഴി ഉണ്ടാക്കി. ഈ വഴിയിലൂടെ സിയാൽ കോട്ടിലെ പ്രസിദ്ധ അഹ്മദി ചൗധരി മൗലാ ബഖ്ശ് സാഹിബ് കടന്നുപോയി. വണ്ടിയുടെ അടുത്ത് വരെ പോയി. അദ്ദേഹത്തിന് ശേഷം ഹദ്റത്ത് സാഹിബ് കടന്നുപോയി. കൂടെത്തന്നെ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് കാബൂൾവാലയും മുഹമ്മദ് അഹ്സൻ സാഹിബും ഉണ്ടായിരുന്നു. അടച്ച വണ്ടിയിലാണ് യാത്ര പുറപ്പെട്ടത്. ജനക്കൂട്ടം കാരണം വണ്ടി വിടാൻ തന്നെ പ്രയാസമായി. ഗുലാം ഹൈദർ തഹ്സീൽദാർ അപ്പോൾ വളരെ സ്നേഹത്തോടെ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടിരുന്നു. പോലീസിനോട് വേണ്ട നടപടികൾ എടുക്കാൻ കൽപ്പിച്ചു. എന്നിട്ട് മറുഭാഗത്ത് ജനങ്ങളെ നിയന്ത്രിക്കാൻ പുറപ്പെട്ടു. വടിയും പിടിച്ച് ഗൗരവത്തോടെ അവിടെ കറങ്ങിക്കൊണ്ടിരുന്നു. ഹുസൂർ താമസസ്ഥലത്ത് സുരക്ഷിതമായി എത്തട്ടെ എന്നതായിരുന്നു ഞങ്ങളുടെ പ്രാർത്ഥന. മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി ബേഗ് കക്ഷത്ത് തിരുകി വണ്ടിയുടെ മുമ്പിൽ കൂടെ നടക്കുന്നുണ്ടായിരുന്നു. ചിലപ്പോൾ

ആവേശത്താൽ പറയുമായിരുന്നു. കീഡീ കെ ഘർ നാരായൺ ആയാ. (ഈ സാധുവിന്റെ വീട്ടിലും പ്രഭു ആഗതനായിരിക്കുന്നു.) കുറച്ച് കഴിഞ്ഞപ്പോൾ ഹദ്റത്ത് സാഹിബ് താമസ സ്ഥലത്ത് എത്തി.

ഹദ്റത്ത് മിയാൻ വസീർ മുഹമ്മദ് ഖാൻ സാഹിബ് വിവരിക്കുന്നു. ഞാൻ ഖാദിയാനിൽ വന്നപ്പോൾ എന്റെ കൂടെ മറ്റൊരാളും ഉണ്ടായിരുന്നു. അദ്ദേഹം ഇവിടെ വന്ന് രോഗിയായി. രോഗിയായ ഞാൻ ആരോഗ്യവാനുമായി. ആദ്യമൊക്കെ എനിക്ക് ഭക്ഷണം വളരെക്കുറച്ചെ കഴിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. അതും ദഹിക്കുമായിരുന്നില്ല. ഇവിടെ വന്ന് രണ്ട് റൊട്ടി ഒരു രാത്രിയിൽ തന്നെ തിന്നും. അമൃത്സറിൽ പോയപ്പോൾ മുമ്പത്തെ അവസ്ഥ തന്നെ വീണ്ടും തുടങ്ങി.

ഹദ്റത്ത് സാഹിബിനെ ആദ്യമായി കണ്ടപ്പോൾ മസ്ജിദ് മുബാറക്കിന്റെ അടുത്തുള്ള ചെറിയ റൂമിൽ വുളൂ ചെയ്യുകയായിരുന്നു. ഹദ്റത്ത് അഖ്ദസ് അകത്തേക്കു വന്നു. ഹുസൂറിന്റെ മുഖം കണ്ടമാത്രയിൽ ഞാൻ അത്ഭുതസ്തബ്ധനായി. അല്ലാഹുവിന്റെ സത്യസന്ധരായ ദാസനെ കണ്ട് സ്വബോധം നഷ്ടപ്പെട്ടവനെപ്പോലെയായി. ജുമുഅ ദിവസം മസ്ജിദ് അഖ്സയിൽ ഹദ്റത്ത് സാഹിബിന്റെ അടുത്ത് നിന്ന് നമസ്ക്കരിച്ചു. അപ്പോൾ ഹദ്റത്ത് സാഹിബിന്റെ ശ്രദ്ധ എനിക്ക് ലഭിച്ചു. അപ്പോൾ ഞാൻ കുറേ കരഞ്ഞു. ( എന്നെ ഒന്നു നോക്കിയപ്പോൾ എന്നിൽ അത് സ്വാധീനിക്കുകയും ഞാൻ കുറേ കരയുകയും ചെയ്തു. നമസ്ക്കാരത്തിന് മുമ്പും നമസ്ക്കാരത്തിലും) സൂഫികളുടെ ഭാഷയിൽ ഇതിന് സ്നാനം ചെയ്യുക എന്നാണ് പറയുക.

അസർ സമയം ഹുസൂറിനെ വീണ്ടും കണ്ടു. ഹുസൂർ ചോദിച്ചു. എങ്ങിനെയുണ്ട് വിശേഷം. ഞാൻ പറഞ്ഞു. ഇപ്പോൾ സുഖം പ്രാപിച്ചിരിക്കുന്നു. ഖാദിയാനിൽ ആദ്യം വന്നപ്പോൾ ലങ്കർ ഖാനയൊന്നും ഉണ്ടായിരുന്നില്ല. ഹദ്റത്ത് സാഹിബിന്റെ വീട്ടിൽ നിന്ന് റൊട്ടിയും അച്ചാറും വരും. ഇന്ന് മോട്ടർ ഉള്ള ആ റൂമിൽ ആയിരുന്നു. അതിൽ പ്രസ്സ് ഉണ്ടായിരുന്നു. അതിഥികളും അവിടെയാണ് താമസിച്ചിരുന്നത്. ഞാനും അവിടെയാണ് താമസിച്ചത്.

ഹദ്റത്ത് ഡാക്ടർ ഗുലാം ഗൗസ് സാഹിബ് വിവരിക്കുന്നു: മീർ മഹ്ദിഹുസൈൻ വിവരിക്കുന്നു: ഒരിക്കൽ എന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഐസ് കൊണ്ടുവരാൻ അമൃതസറിലേക്ക് അയച്ചു. വഴിയിൽ വണ്ടിയിൽ ഇരുന്ന് തല പുറത്തേക്കിട്ട് നോക്കിയപ്പോൾ എന്റെ തൊപ്പി കാറ്റിൽ പറന്നുപോയി. അമൃതസറിൽ നിന്നും ഐസ് വാങ്ങി തിരിച്ചുവന്നപ്പോൾ മീർ നാസിർ നവാബ് സാഹിബ് ചോദിച്ചു. താങ്കളെ ആരെങ്കിലും തല്ലിയോ? ഞാൻ പറഞ്ഞു: ഇല്ല. ചോദിച്ചു; തലയിൽ തൊപ്പിയില്ലല്ലൊ? ഞാൻ പറഞ്ഞു: തൊപ്പി വഴിക്കു വെച്ച് പറന്നുപോയതാണ്. അദ്ദേഹം ഹദ്റത്ത് സാഹിബിനോട് ഇക്കാര്യം പറഞ്ഞു. ഹദ്റത്ത് സാഹിബ് പറഞ്ഞു: തൊപ്പി അദ്ദേഹത്തിന് നൽകുന്നതാണ്. എന്നാൽ ഞാൻ അതു ചോദിച്ചില്ല. ഞാൻ ഒന്ന് രണ്ട് അണയുടെ തൊപ്പി വാങ്ങി.

ആറ് മാസത്തിനുശേഷം ഹദ്റത്ത് സാഹിബ് ഒരു തൊപ്പിയും അർപ്പാക്കയുടെ ഒരു കോട്ടും ഒരു ഷൂവും നൽകി. (അൽപ്പാക്ക എന്നത് സൗത്ത് അമേരിക്കയിലുള്ള ഒരു മൃഗമാണ്. അതിന്റെ മൃദുലമായ രോമംകൊണ്ട് വളരെ നല്ല കോട്ട് ഉണ്ടാക്കാറുണ്ട്.) കോട്ട് ഞാൻ ധരിച്ചു. അത് കുറച്ചുകാലം കഴിഞ്ഞ് കീറിപ്പോയി. തൊപ്പി തലയിൽ വെച്ചു. ഷൂ എന്റെ ഉപ്പാക്ക് നൽകി. ഒരിക്കൽ എന്നോട് ഡപ്യൂട്ടി റെഞ്ചർ പറഞ്ഞു; മീർ സാഹിബ് താങ്കളുടെ തൊപ്പി പഴകിയിട്ടുണ്ട്. ഞാൻ അമൃതസറിൽ നിന്നും ഒരു തൊപ്പിവാങ്ങിത്തരാം. ഞാൻ പറഞ്ഞു. ഇതുപോലുള്ള തൊപ്പി എവിടെ കിട്ടാൻ? ഭൂമിയിലോ ആകാശത്തോ എവിടെയും കിട്ടില്ല. അദ്ദേഹം ചോദിച്ചു. അതെന്താണ്? ഞാൻ പറഞ്ഞു; ഇത് വിശുദ്ധ മസീഹ് രണ്ട് വർഷം ഉപയോഗിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു. ശരി. (അദ്ദേഹം സദ് പ്രകൃതക്കാരനായിരുന്നു. അങ്ങനെ പിന്നീട് അദ്ദേഹവും ഹദ്റത്ത് മസീഹ് മൗഊദിന്റെ ശിഷ്യഗണത്തിൽ വന്നു.)

ഹദ്റത്ത് മൗലവി അസീസുദ്ദീൻ സാഹിബ് വിവരിക്കുന്നു. എനിക്ക് ഹദ്റത്ത് സാഹിബിനെ മുലാഖാത്ത് നടത്താനുള്ള അവസരം ലഭിച്ചപ്പോഴെല്ലാം (അമ്പതോ, അറുപതോ, എഴുപതോ പ്രാവശ്യം ലഭിച്ചിരിക്കും. ഹുസൂറിന്റെ അടുത്തെത്തിയാൽ എന്റെ തലപ്പാവ് അഴിച്ച് ഹുസൂറിന്റെ മുമ്പിൽ വെക്കും. ഹുസൂറിന്റെ രണ്ട് കൈയ്യുംകൊണ്ട് എന്റെ തലയിൽ വെപ്പിക്കും. ഞാൻ കൈവിടാതെ ഒരിക്കലും ഹുസൂർ കൈ വലിക്കുമായിരുന്നില്ല. ഇതുകാരണം 81 വയസ്സായ ഞാൻ ഇതുവരെ രോഗിയായിട്ടില്ല. ഖാദിയാനിൽ വെച്ച് നിസ്സാരമായ ഒന്നുരണ്ട് മുറിവുകൾ പറ്റിയിട്ടുണ്ടെന്ന് മാത്രം.

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) മസ്ജിദ് മുബാറക്കിൽ നമസ്ക്കാരത്തിൽ നിന്ന് വിരമിച്ചാൽ അവിടെ ഇരിക്കുമ്പോൾ ഞങ്ങൾ വളരെ സന്തോഷിക്കുമായിരുന്നു. കാരണം ഇപ്പോൾ അല്ലാഹുവിന്റെ മഅ്രിഫത്തിന്റെ കാര്യങ്ങൾ വിവരിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ പീയൂശം നുകരാൻ ഞങ്ങൾക്ക് അവസരം ലഭിക്കാൻ പോകുകയാണ്. ഞങ്ങളുടെ ഹൃദയത്തിലെ കറകൾ നീക്കപ്പെടുന്നതാണ്. ചെറിയവരും വലിയവനും എല്ലാംതന്നെ സശ്രദ്ധം തങ്ങളുടെ പ്രിയതമന്റെ തിരുവായയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കും. ഹുസൂർ എന്താണോ വിവരിക്കാൻ പോകുന്നത്, അത് ശ്രദ്ധാപൂർവ്വം കേൾക്കാൻ ശ്രമിക്കും. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രേമികളുടെ അവസ്ഥ.

അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് ഞങ്ങൾ ഒരിക്കലും ക്ഷീണിച്ചില്ല. ഹദ്റത്ത് അഖ്ദസ് തന്റെ സുഹൃത്തുക്കളുടെ കാര്യങ്ങൾ കേൾക്കുന്നതിൽ നിന്ന് ഒരിക്കലും വിട്ടു നിന്നിട്ടില്ല. തടയുകയുമുണ്ടായിരുന്നില്ല. സ്വകാര്യം പറയുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ബദറുദ്ദീൻ അഹ്മദ് സാഹിബ് പ്രസിഡന്റ് ജമാഅത്ത് അഹ്മദിയ്യ കറാച്ചി ഹദ്റത്ത് സറായി ബീബി സാഹിബയുടെ രിവായത്ത് കേൾപ്പിക്കുന്നു. (ഹക്കീം മുഹമ്മദീൻ സാഹിബിന്റെ മകളായിരുന്നു ഇവർ. ഇദ്ദേഹം അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു.) കുട്ടികളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹമാണ് വിവരിക്കുന്നത്.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തോട്ടത്തിൽ വടുക്കു കിഴക്കായി മാവിന്റെ ചുവട്ടിലുള്ള വഴിയിലൂടെ നടക്കുകയായിരുന്നു. ആ വഴി ജനാബ് സുൽത്താൻ അഹ്മദ് സാഹിബിന്റെ തോട്ടത്തിലേക്ക് തുറക്കുമായിരുന്നു. ഞാനും ഹുസൂറിന്റെ പിന്നാലെ ഉണ്ടായിരുന്നു. ഹുസൂറിന്റെ കാലടികൾ പതിയുന്ന സ്ഥലത്ത് അദ്ദേഹത്തോടുള്ള സ്നേഹം കാരണമായി ഞാനും എന്റെ കാൽ വെക്കുമായിരുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ബർക്കത്ത് ലഭിക്കും എന്നെനിക്കറിയാമായിരുന്നു. എന്റെ ശബ്ദം കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നെ നോക്കി. എന്നിട്ട് നടന്നുകൊണ്ടിരുന്നു.

ഹദ്റത്ത് മുഹമ്മദ് സുഹൂറുദ്ദീൻ സാഹിബ് (റ) വിവരിക്കുന്നു. ഞങ്ങൾ എല്ലാവരും ഖാദിയാനിൽനിന്ന് ജൽസ കഴിഞ്ഞ് രണ്ടാമത്തെ ദിവസംതന്നെ കൂട്ടുകാരോടൊപ്പം തിരിച്ച് വീട്ടിലെത്തി. രണ്ട് നാല്

മാസങ്ങൾക്ക് ശേഷം ഹദ്റത്ത് സാഹിബ് ലാഹോറിൽ വെച്ച് വഫാത്തായിരിക്കുന്നു എന്നറിയാൻ കഴിഞ്ഞു. എന്റെ ഭാര്യാപിതാവ് ഖാസി സൈനുൽ ആബിദീൻ സാഹിബ് ഈ വാർത്ത് കേട്ടപ്പോൾ സമനില തെറ്റിയവനെപ്പോലെയായി. എന്താണ് ചെയ്യേണ്ടത് എന്ന് ഞങ്ങൾക്കൊന്നും അറിയില്ലായിരുന്നു. ഇതേ അവസ്ഥയിൽ സർഹിന്ദ് സ്റ്റേഷനിൽ എത്തി. അവിടെയുള്ള ഉമ്മർ അഹ്മദ് സാഹിബിനോട് ഖാസി സാഹിബ് പറഞ്ഞു. താങ്കൾ ലാഹോറിൽ ഒരു കമ്പി സന്ദേശമയച്ചത് ഹദ്റത്ത് മസീഹ് മൗഊദ് വഫാത്തായി എന്ന വാർത്ത ശരിയാണോ എന്നൊന്ന് അന്വേഷിച്ചാലും. ഞങ്ങളുടെ ഈ അവസ്ഥ കണ്ട് പല അനഹ്മദികളും ഞങ്ങളെ പരിഹസിച്ചുകൊണ്ട് ഞങ്ങളുടെ പിന്നാലെ കൂടി. ഓരോരുത്തർക്കും തോന്നുന്നതെല്ലാം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഞാൻ ദുഃഖപരവശരായിക്കൊണ്ട് വീട്ടിലേക്ക് തിരിച്ചുവന്നു. അനഹ്മദികൾ വളരെ ദൂരം വരെ പരിഹസിച്ചുകൊണ്ട് ഞങ്ങളെ പിന്തുടർന്നു. എന്നിട്ട് തിരിച്ചുപോയി.

ഈ സംഭവം അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചെടുത്തോളം വളരെ വേദനാജനകമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രതിനിധിയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാനാ നൂറുദ്ദീൻ സാഹിബ് തിരഞ്ഞെടുക്കപ്പെട്ടു. ഞങ്ങളെല്ലാവരും ബൈഅത്തിന്റെ കത്ത് എഴുതി അയച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ശേഷം നടന്ന ആദ്യ ജൽസയിൽ പങ്കെടുക്കാൻ പോയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നിന്നും ഇരുന്നും കണ്ട സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നത് കണ്ടപ്പോൾ ഹൃദയം നിയന്ത്രണത്തിൽ നിന്ന് വിട്ടുപോകുകയായിരുന്നു. കണ്ണുകൾ എപ്പോഴും നിറഞ്ഞുകൊണ്ടിരുന്നു. ഈ ജൽസ മദ്രസാ അഹ്മദിയ്യായുടെ അങ്കണത്തിലാണ് നടന്നിരുന്നത്. ഇന്നത്തെ ജൽസ വെച്ചുനോക്കുമ്പോൾ അത് ചെറിയ ഒരു ജൽസ. ഇതിൽ ഖാജാ കമാലുദ്ദീൻ സാഹിബ്, മിർസാ യഅ്കൂബ് ബേഗാ സാഹിബ്, മൗലവി ബദ്റുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദലി സാഹിബ് എന്നിവർ മുൻനിരയിൽ ഉണ്ടായിരുന്നു. എല്ലാവരുടെയും ദൃഷ്ടികൾ അവരിലേക്കാണ് ചെന്നു പതിച്ചിരുന്നത്. അവരെല്ലാതെ കഴിവുള്ളവരായി മറ്റാരെയും കണ്ടിരുന്നില്ല. അവരായിരുന്നു സംഘാടകർ.

ജൽസയുടെ പ്രാരംഭത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യപ്പെട്ടു. പിന്നീട് ഒരു നസം ബറാദ്റം മുൻശി സിറാജുദ്ദീൻ സാഹിബ് തിരുനബി(സ)യുടെ മദഹിൽ പാടി. പിന്നീട് മറ്റൊരാളും നസം കേൾപ്പിച്ചു. അതിനുശേഷം ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് (ഖലീഫ സാനി) പ്രസംഗിച്ചു. അതിൽ അദ്ദേഹം ഇപ്രകാരം വിവരിച്ചു. ഫിർഔന്റെ അക്രമം സഹിക്ക വയ്യാതെ ബനീ ഇസ്രാഈലികളുടെ കണ്ണീർ ഒഴുകിയതുകാരണം ആ കണ്ണീർ ഒരു നാൾ നദിയായി മാറി അത് ഫിർഔനെ മുക്കുകയുണ്ടായി. (പ്രയാസം അനുഭവിക്കുമ്പോൾ പുറപ്പെടുന്ന കണ്ണുനീർ വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നതാണ്. പാക്കിസ്ഥാനിലെ ജമാഅത്തുകൾ ഇങ്ങനെയുള്ള കണ്ണുനീരാണ് പൊഴിക്കേണ്ടത് എന്ന് ഓർമ്മിക്കുക) ഹുസൂർ ഈ പ്രസംഗം വളരെ ഭംഗിയായി അവതരിപ്പിച്ചു. ശ്രോതാക്കൾ ഇത് കേട്ട് ആത്മനിർവൃതിയിൽ ആണ്ടുപോയി.

ഈ പ്രസംഗം അവസാനിച്ചപ്പോൾ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ പ്രസംഗം തുടങ്ങുന്നതിനുമുമ്പേ പറയുകയുണ്ടായി. മിയാം മഹ്മൂദ് അഹ്മദ് സാഹിബ് പ്രസംഗിച്ച ഈ വിഷയം എന്റെ ചിന്തയിൽപോലും മുമ്പ് വന്നിട്ടില്ല. നിങ്ങൾ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുക. അപ്പോൾ തന്നെ ദുആ ചെയ്യുകയുണ്ടായി. മിയാൻ സാഹിബിനെ ദോശൈക ദൃക്കുകളുടെ ദുർനോട്ടത്തിൽ നിന്നും രക്ഷപ്പെടുത്താനായി ദുആ ചെയ്യുക.

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് വിവരിക്കുന്നു. ഞാൻ മസ്ജിദ് മുബാറക്കിൽ പോയി നമസ്ക്കരിക്കുമ്പോൾ നമസ്ക്കാരത്തിൽ മാധുര്യവും ദൈവഭയവും ഉണ്ടാകുന്നു. അതുകാരണം ഹൃദയം ദൈവസ്നേഹത്തിൽ നിറഞ്ഞു കവിയുന്നു. എന്റെ സുഹൃത്തുക്കളെ! എന്നാൽ ആ ദൈവിക പ്രകാശമുഖദർശനം സാധിക്കാത്തതു കാരണം ഹൃദയം അസ്വസ്ഥമാകുന്നു. ആ ദിനങ്ങൾ ഓർത്ത് ഹൃദയം നോവുന്നു. അല്ലാഹ്! അല്ലാഹ്! ആ ദൈവിക പ്രകാശത്തെ കണ്ട് ഹൃദയം സംതൃപ്തി അടഞ്ഞിരുന്നു. ഹദ്റത്ത് അഖ്ദസിന്റെ പവിത്രവും പ്രകാശിതവുമായ മുഖം ദർശിക്കുമ്പോൾ എല്ലാ ദുഃഖവും പമ്പ കടക്കുന്നു. ഒരു പരാതിയോ പരിഭവമോ ഒന്നും ഉണ്ടാകുമായിരുന്നില്ല. നാം ഇപ്പോൾ ജന്നത്തിലാണെന്ന അനുഭൂതിയാണ് ഉണ്ടാവുക. അദ്ദേഹത്തെ കണ്ട് കണ്ട് ഒരിക്കലും ഞങ്ങളുടെ കണ്ണുകൾ ക്ഷീണിച്ചിരുന്നില്ല. ആ മുഖകമലം അത്രയും പവിത്രവും പ്രൗഢവുമായിരുന്നു. യുവാക്കളായ ഞങ്ങൾ അഞ്ചുനേര നമസ്ക്കാരവും വളരെ ആവേശത്തിമർപ്പോടെയാണ് അനുഷ്ഠിച്ചിരുന്നത്. ഒരു നമസ്ക്കാരത്തിന് ശേഷം അടുത്ത നമസ്ക്കാരം ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ വലതു ഭാഗത്ത് ഞങ്ങൾക്ക് ഇടം ലഭിക്കാനായിരുന്നു ഞങ്ങൾ ശ്രമിച്ചിരുന്നത്. യുവാക്കളായ ഞങ്ങൾ പരിശ്രമിച്ചിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുത്ത് തന്നെ സ്ഥലം ലഭിക്കണമെന്നായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് നിന്ന് നമസ്ക്കരിക്കാനായി ഞങ്ങൾ ശ്രമിച്ചിരുന്നു.

എഴുതുന്നു. അല്ലാഹ്! അല്ലാഹ് ! എന്തുമാത്രം പരിശുദ്ധമായ വ്യക്തിത്വമായിരുന്നു അത്. അദ്ദേഹത്തിന്റെ സാമിപ്യവും സായൂജ്യവും ഞങ്ങളെ സൃഷ്ടികളിൽ നിന്നും സ്വതന്ത്രരാക്കി. മറ്റുള്ളവരോടുള്ള സ്നേഹത്തിൽ നിന്നും ഞങ്ങളെ മോചിപ്പിച്ചു. സർവ്വേശ്വരന്റെ സവിധം ഞങ്ങൾക്ക് കാണിച്ചുതന്നു.

അല്ലാഹുതആലാ നമുക്കും അദ്ദേഹത്തിന് ചെയ്ത ബൈഅത്തിന്റെ കടമകൾ പാലിച്ചുകൊണ്ട് അദ്ദേഹത്തോടുള്ള സാഹോദര്യ ബന്ധവും സ്നേഹവും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കാൻ തൗഫീഖ് നൽകട്ടെ. ഈ ബന്ധം മുഖേന തിരുനബി (സ) യെ പരിപൂർണ്ണമായും പിൻപറ്റി അല്ലാഹുവിന്റെ സ്നേഹത്തെ കരസ്ഥമാക്കുന്നവരായി നാം മാറട്ടെ.

ജുമുഅ നമസ്ക്കാരത്തിന് ശേഷം രണ്ട് ജനാസ ഗാഇബ് നമസ്ക്കരിക്കുന്നതാണ്. രണ്ടും ഖാദിയാനിലെ സ്ത്രീകളുടെ ജനാസയാണ്.

ഒന്നാമത്തെ ജനാസ റശീദാ ബീഗം സാഹിബയുടേതാണ്. മിസ്തരി മുഹമ്മദ്ദീൻ സാഹിബ് ദർവേശ് ഖാദിയാന്റെ ഭാര്യയാണിവർ. 85-ാം വയസ്സിൽ മെയ് നാലിനാണ് വഫാത്തായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്ന മിയാൻ ഫതഹ്ദീൻ സാഹിബ് (റ)ന്റെ മകളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തിൽ അറിയപ്പെടുന്ന ഉമ്മെ ആയിശയുടെ സഹോദരി പുത്രിയായിരുന്നു. ഉമ്മെ ആയിശയെ അമ്മാജാൻ പോറ്റുമകളായി വളർത്തി. റശീദ ബീഗം സാഹിബ ഖാദിയാനിലെ സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബിന്റെ ഭാര്യയുമായി വളരെ അടുത്ത ബന്ധമായിരുന്നു. തന്റെ ഭർത്താവിന്റെ

കൂടെ ദുരിതപൂർണ്ണമായ ദർവേശ് കാലഘട്ടം അവർ അവിടെ കഴിച്ചുകൂട്ടിയിട്ടുണ്ട്. എല്ലാം സന്തോഷത്തോടെയാണ് കഴിച്ചുകൂട്ടിയത്. 1944 ൽ വസിയ്യത്ത് ചെയ്തു. ആറ് വർഷംവരെ സദ്ർ ലജ്ന ഇമാ ഇല്ലാഹ് ഭാരതായി സേവനമനുഷ്ഠിക്കാൻ സൗഭാഗ്യം ലഭിച്ചു. അവർക്ക് നാല് ആൺകുട്ടികളാണുണ്ടായിരുന്നത്.

മൂത്ത മകൻ മൗലാനാ ഹമീദുദ്ദീൻ സാഹിബ് ശംസം മർഹൂം. മുബല്ലിഗ് സിൽസില ആയിരുന്നു. 47-ാം വയസ്സിൽ അവരുടെ ജീവിതകാലത്തുതന്നെ വഫാത്തായി. രണ്ടാമത്തെ മകൻ വഹീദുദ്ദീൻ സാഹിബ്, വഖ്ഫെ സിന്ദകിയാണ്. ഇതേപോലെ റശീദുദ്ദീൻ സാഹിബ് എന്ന മകൻ സദ്ർ ഉമൂമിയായി പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുണ്ട്. നസീറുദ്ദീൻ സാഹിബും ഇവരുടെ മകനാണ്. അവിടെതന്നെയാണ് ജോലി ചെയ്യുന്നത്. ഇവരുടെ മരുമക്കളിൽ അബ്ദുന്നക്കീഅ് സാഹിബ് ബാഗൽപൂർ സോണിലെ അമീറാണ്. അബ്ദുറഫീക്ക് സാഹിബ് ഉമ്മൂറെ ആമ്മ വകുപ്പിൽ പ്രവർത്തിക്കുന്നു.

പരേത നമസ്ക്കാരത്തിലും നോമ്പിലും കൃത്യതയുള്ളവരും നിത്യവും തഹജ്ജുദ് വിശുദ്ധ ഖുർആൻ പാരായണം എന്നിവ കൃത്യമായി അനുഷ്ഠിക്കുന്നവരുമായിരുന്നു. ഖാലാ റശീദാ എന്ന പേരിലാണ് ഖാദിയാനിൽ അറിയപ്പെട്ടിരുന്നത്. മിർസാ വസീം അഹ്മദ് സാഹിബിന്റെ ബീഗത്തിന്റെ കൂടെ എല്ലാ വീടുകളിലും സുഖ ദുഃഖങ്ങളിൽ പങ്കുചേരാൻ പോകമായിരുന്നു.

മിയാം വസീം അഹ്മദ് സാഹിബിന്റെ ചെറിയമകൾ എനിക്ക് ഇപ്രകാരം എഴുതുന്നു. ഇവർ സരളമായ ജീവിതമാണ് നയിച്ചിരുന്നത്. ഭർത്താവിന് പെൻഷൻ പറ്റിയപ്പോൾ പ്രൊവിഡന്റ് ഫണ്ടും മറ്റുമായി കുറച്ച് പണം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം മനസ്സിൽ കരുതി, എന്റെ ഭാര്യക്ക് ഇതുവരെ എനിക്ക് ആഭരണമൊന്നും ഉണ്ടാക്കി നൽകാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ സ്വർണ്ണത്തിന്റെ കുറച്ച് ആഭരണങ്ങൾ ഉണ്ടാക്കിക്കൊടുത്തു. കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പുതിയ മർക്കസുകൾ ഉണ്ടാക്കാനുള്ള പദ്ധതിക്ക് ആഹ്വാനം ചെയ്തപ്പോൾ അവർ ആ ആഭരണംകൊണ്ട് പോയിക്കൊടുത്തുകൊണ്ട് മിർസാ വസീം അഹ്മദ് സാഹിബിന്റെ ഭാര്യയോട് പറഞ്ഞു. ഞാൻ ജീവിതകാലം മുഴുവനും ഇതുവരെ ഒന്നും അണിഞ്ഞിട്ടില്ല ഇനി അണിഞ്ഞിട്ട് എന്ത് നേടാനാണ്. ഇത് സ്വീകരിച്ചാലും.

ഈ പദ്ധതിക്ക് വേണ്ടിവരുന്ന ആഭരണങ്ങളും മറ്റുമെല്ലാം ജമാഅത്ത് ഏൽപ്പിച്ചിരുന്നത് അവരുടെ ഭർത്താവിനെയായിരുന്നു. അവർ തന്റെ ഭാര്യയുടെ ആഭരണം അതിൽ കണ്ടപ്പോൾ അധികാരികളോട് പറഞ്ഞ് അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന പണം നൽകി അത് വാങ്ങി. എന്നിട്ട് ഭാര്യക്ക് വീണ്ടും നൽകി. കുറച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) മറ്റൊരു പദ്ധതിക്കായി ആഹ്വാനം നൽകിയപ്പോൾ അവർ ആ ആഭരണം അതിനായി നൽകുകയുണ്ടായി. ആ സമയത്ത് അതു തിരിച്ചെടുക്കാൻ ഭർത്താവിന്റെ കൈവശം ഒന്നും ഉണ്ടായിരുന്നില്ല. ഏതായിരുന്നാലും ജീവിതം മുഴുവനും എനിക്ക് സ്വർണ്ണം ധരിക്കാൻ കഴിഞ്ഞില്ല ഇനി ധരിക്കുന്നില്ല എന്ന് പറഞ്ഞത് ശരിയായി. എല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ നൽകി.

രണ്ടാമത്തെ ജനാസ നസ്റുന്നിസാ സാഹിബയുടെതാണ്. ഇന്ത്യയിലെ മുഹമ്മദ് സൈഫ് ഖാൻ സാഹിബിന്റെ ഭാര്യയാണ്. മെയ് ഒമ്പതിന് 75ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

1962 ൽ ഇവരുടെ ഭർത്താവ് അഹ്മദിയ്യത്ത് സ്വീകരിച്ചു. മുഖ്ലിസ് ആയിരുന്നു. എതിർപ്പുകളുണ്ടായിട്ടും അഹ്മദിയ്യത്തിൽ ഉറച്ചുനിന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ദരിദ്രരെ സംരക്ഷിച്ചുപോന്നിരുന്നു. വളരെ സരളമായ ജീവിതമാണ് നയിച്ചിരുന്നത്. ഒരു ഡസനിലധികം യതീമുകളെയും നിരാശ്രിതരെയും സംരക്ഷിച്ചു പോന്നു. കേന്ദ്ര പ്രതിനിധികളെ വളരെയധികം ആദരിച്ചുപോന്നു. മൂസിയ ആയിരുന്നു. ബഹിശ്ത്തി മഖ്ബറ ഖാദിയാനിലാണ് മറവു ചെയ്തത്. അവർക്ക് മൂന്ന് ആൺകുട്ടികളാണുള്ളത്. അവർ എല്ലാം വഖ്ഫെ സിന്ദഗികളും ജമാഅത്തിന്റെ സേവകരുമാണ്. മൂത്ത പുത്രൻ നസീം ഖാൻ സാഹിബ് ഖാദിയാനിലെ നാസിർ ഉമൂറെ ആമ്മയാണ്. രണ്ടാമത്തെ മകൻ കലീം ഖാൻ സാഹിബ്. ഇദ്ദേഹം മുബല്ലിഗ് ആണ്. മൂന്നാമത്തെ മകൻ വസീംഖാൻ സാഹിബ്. ഇവരെല്ലാം വഖ്ഫെ സിന്ദഗികളാണ്. അല്ലാഹു വഫാത്തായ ഇരുവരുടെയും പദവികൾ ഉയർത്തട്ടെ. ഇവരുടെ മക്കൾക്കും ഇവരുടെ കാൽപാടുകൾ പിൻ തുടരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും ആത്മാർഥതയിലും കൂറിലും അല്ലാഹു വർദ്ധിപ്പിക്കുമാറാകട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 May 11 at : Baitul Futuh London
Translation: M.Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**